# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 110**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

മാർത്തോമ്മാ, സി. എസ്. ഐ, സി. എൻ. ഐ, സഭകൾ ചേർന്ന് പ്രവർത്തിക്കുന്ന സഭൈക്യപ്രസ്ഥാനമാണ് കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (സി. സി. ഐ).

ഐക്യം ദൈവത്തിന്റെ താത്പര്യമാണ്. വ്യത്യസ്ത ചരിത്രം, പാരമ്പര്യം, അനുഷ്ഠാനങ്ങൾ വിവിധ സഭകൾക്കുണ്ട് എങ്കിലും അന്യോന്യം ഐക്യത്തിന്റെ ആത്മാവിൽ സമൂഹത്തിൽ സാക്ഷ്യം വഹിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഐക്യം സാക്ഷ്യത്തിലൂടെ പൊതുസമൂഹത്തിൽ പ്രകടവും സജീവവുമാകണം. സഭകൾ തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും പ്രാദേശിക തലങ്ങളിൽ ക്രിസ്തുവിലുള്ള ഐക്യം സാക്ഷ്യപ്പെടുത്തുന്നതിനും ദൗത്യനിർവ്വഹണത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനും സഹായകരമായ പരിപാടികൾ ആവിഷ്ക്കരിക്കണം.

എല്ലാ വർഷവും നവംബർ മാസത്തിലെ രണ്ടാം ഞായറാഴ്ച സഭൈക്യ പ്രാർത്ഥനാദിനമായി മൂന്ന് സഭകളും ആചരിച്ചുവരികയാണല്ലോ. ഈ വർഷം ഇത് നവംബർ 12–ാം തീയതി ഞായറാഴ്ചയാണ്. ഇതിന്റെ ഭാഗമായി നമ്മുടെ എല്ലാ ഇടവകകളിലും സഭാ ഐക്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വചനശുശ്രൂഷ നടത്തുകയും മാർത്തോമ്മാ, സി. എസ്. ഐ, സി. എൻ. ഐ, ഇടവകാംഗങ്ങളുടെ ഒരുമിച്ചുള്ള ആരാധന, വിശുദ്ധകുർബ്ബാന, പട്ടക്കാരുടെ പുൾപിറ്റ് എക്സേഞ്ച്, ഐക്യപ്രാർത്ഥന യോഗങ്ങൾ തുടങ്ങിയവ ക്രമീകരിക്കുന്നതിന് ശ്രമിക്കണം. അന്നേദിവസം ഉപയോഗിക്കുന്നതിനുള്ള ആരാധന ക്രമം സഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ യോജിച്ചുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനും സമകാലിക പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതിനും നമുക്ക് ഇടയാകട്ടെ. അതിനായി നിർവ്വഹിക്കപ്പെടുന്ന പ്രേഷിതപ്രവർത്തനങ്ങൾ ദൈവനാമമഹത്വത്തിനായിത്തീരുവാൻ പരിശുദ്ധാത്മാവിന്റെ നടത്തിപ്പും ശക്തിയും ധാരാളമായി അനുഭവമാകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. സഭൈക്യത്തിനായുള്ള നമ്മുടെ പരിശ്രമങ്ങൾ ഫലപ്രദമാകുവാൻ സാക്ഷ്യത്തോടെ മുന്നേറുവാൻ ദൈവം എല്ലാവരെയും ശക്തീകരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ,

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2023 ഒക്ടോബർ 24 –ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 110**

*Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.*

Dearly beloved in Christ,

The Communion of Churches in India (C.C.I.) is a church unity movement in which the Mar Thoma, C.S.I., and C.N.I. Churches work together.

Unity is God's desire. Though various churches have different histories, traditions, and rituals, we are called to bear witness in society in the spirit of unity with one another. Unity must be visible and active in public through our witness. Programs should be developed to strengthen the relationship between the churches, to testify the unity in Christ at the regional levels and to work together in the fulfilment of mission.

Every year, the second Sunday of the month of November is observed by the three Churches as the Unity Sunday (Unity Prayer Day). This year it falls on Sunday, 12th November. As a part of this, sermons giving importance to church unity must be delivered in all our parishes, and efforts should be made to organize common worship, Holy Qurbana, pulpit exchange of clergy, unity prayer meetings, and so on, for Mar Thoma, C. S. I., and C. N. I. members. The order of worship to be used on that day will be published on the Sabha website.

Let us be able to strengthen the united activities of the Communion of Churches in India and respond positively to contemporary issues. Let us pray that the mission work carried out towards this may be for the glory of God's Name, and that the guidance and power of the Holy Spirit may be experienced abundantly. May God strengthen all of us to bear witness so that our efforts for church unity will be fruitful.

Grace be with you all.

Dated 24th October 2023, from Poolatheen, Thiruvalla,

**Dr. Theodosius Mar Thoma Metropolitan**